**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **06-10-2021 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി വിവിധ വനം ഡിവിഷനുകളിൽ കിഫ്ബി ധനസഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ട പദ്ധതിയിൽ പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 101.50 കി.മീറ്റർ ദൂരം സൗരോർജ്ജവേലി നിർമ്മാണത്തിനായി 1.83 കോടി രൂപയും, വയനാട് വൈൽഡ് ലൈഫ് ഡിവിഷനു കീഴിൽ 0.41 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും, 10 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിങ് പ്രവർത്തികൾ നടത്തുന്നതിനായി 15.00 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും, ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെടുത്തി പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 136.70 കി.മീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മാണത്തിനായി 2.47 കോടി രൂപയും പാലക്കാട് വനം ഡിവിഷനു കീഴിൽ 0.30 കി.മീറ്റർ ദൂരത്തിൽ ആന പ്രതിരോധ മതിൽ നിർമ്മാണത്തിനായി 0.45 കോടി രൂപയും, നിലമ്പൂർ സൗത്ത്, വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 48 കി.മീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് സ്റ്റീൽ റോപ് ഫെൻസിങ് നിർമ്മാണത്തിനായി 24.00 കോടി രൂപയും കൂടാതെ തിരുവനന്തപുരം വയനാട് സൗത്ത്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടു കൂടി മാറ്റി പാർപ്പിക്കൽ പദ്ധതിക്കായി |

| | | | |
|---|---|---|---|
| | | | 75.15 കോടി രൂപയും വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് എതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. വന വികസന ഏജൻസി (State Forest Development Agency) യെ ആണ് ഈ പദ്ധതി നടത്തിപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്. വനംവകുപ്പ് ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾക്ക് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടില്ല. |
| (സി) | വനത്തിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള പദ്ധതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇവർക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വനത്തിലേക്ക് കടക്കുന്നതിനുമുള്ള നിയന്ത്രണങ്ങൾ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വന്യമൃഗ ശല്യം കൂടുതലായി അനുഭവപ്പെടുന്ന തിരുവനന്തപുരം, വയനാട് സൗത്ത്, കണ്ണൂർ എന്നീ വനം ഡിവിഷനുകളിൽ കീഴിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ സമ്മതത്തോടുകൂടി അർഹമായ ഒരു കുടുംബത്തിന് 15 ലക്ഷം രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തലമുറകളായി വനത്തിനുള്ളിൽ താമസിച്ചു വരുന്ന പട്ടിക ഗോത്രവർഗ്ഗങ്ങളുടെ വനാവകാശങ്ങൾ സ്ഥാപിച്ചു നൽകുന്നതിനും, പരമ്പരാഗതമായി വനത്തിൽ ജീവിച്ചു പോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കും മേൽ സ്വാതന്ത്ര്യവും നിബന്ധനകളോട്ടു കൂടി അവകാശങ്ങളായി അംഗീകരിച്ചു കൊടുക്കുന്ന നിയമമാണ് 2006-ലെ വനാവകാശ നിയമം. എന്നാൽ ആദിവാസി ഇതര കുടുംബങ്ങളുടെ കാര്യത്തിൽ ടി നിയമ പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിന് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ